ദുനിയാവ് തടവറയോ സ്വർഗമോ?

അൻവർ അബൂബക്കർ

""നിങ്ങൾ അറിഞ്ഞിരിക്കണം: ദുനിയാവിലെ ജീവിതമെന്നത്, കളിയും, വിനോദവും, അലങ്കാരവും, നിങ്ങൾ തമ്മിൽ ദുരഭിമാനം നടിക്കലും, സ്വത്തുക്കളിലും സന്താനങ്ങളിലും പെരുഷം നടിക്കലും മാത്രമാകുന്നുവെന്ന്. അതെ, കേവലം ഒരു മഴയുടെ മാതിരി, അതിൽ മുളച്ച ചെടി കർഷകരെ ആശ്ചര്യപ്പെടുത്തി; പിന്നീടത് വാടിപ്പോകുന്നു, എന്നിട്ടതിനെ മഞ്ഞനിറം പൂണ്ടതായി നീ കാണുന്നു, പിന്നെ അത് ഉണങ്ങി തുരുമ്പായിത്തീരുന്നു എന്നപോലെ. പരലോകത്തിലാകട്ടെ കഠിനമായ ശിക്ഷയും, അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനവും, പ്രീതിയും! ദുനിയാവിലെ ജീവിതം, വഞ്ചനയുടെ വിഭവമല്ലാതെ മറ്റൊന്നും അല്ല." (ഹദീദ് 20)

വിദ്യാർഥി സമൂഹത്തിന്റെ പ്രായോഗിക ജീവിതത്തെ ആഴത്തിൽ സ്പർശിക്കുന്നതും, ആത്മപരിശോധനക്കും ഉചിതമായ മാർഗനിർദേശത്തിനും ഇടയാക്കുകയും ചെയ്യുന്ന ഒരു പ്രവാചക വചനമാണ് താഴെ:

الدُّنْيَا سِجْنُ الْمُؤْمِنِ وَجَنَّةُ الْكَافِرِ

ദുനിയാവ് വിശ്വാസിയുടെ തടവറയും അവിശ്വാസിയുടെ സ്വർഗവുമാണ്. (മുസ്‌ലിം)

ആദ്യം കേൾക്കുമ്പോൾ ഈ ഹദീസ് ചിലർക്കു കഠിനമായി തോന്നാം. 'തടവറ' എന്ന പദം ആനന്ദങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും വിപരീതമാണെന്ന പൊതുവായ ധാരണയാണ് ഇത്തരം പ്രതികരണങ്ങൾക്ക് കാരണമാകുന്നത്. എന്നാൽ ഗൗരവത്തോടെ ചിന്തിക്കുമ്പോൾ, ഈ തിരുമൊഴിയിൽ അടങ്ങിയിരിക്കുന്ന പാഠം അതീവ ഗംഭീരമായ ഒന്നാണെന്ന് മനസ്സിലാക്കാൻ സാധിക്കും. വിശ്വാസിയെന്ന നിലയിൽ, ആകർഷണങ്ങളും ആക്ഷേപങ്ങളും നിറഞ്ഞ ഈ ലോകത്തിൽ എങ്ങനെ ആത്മനിയന്ത്രണത്തോടെ ജീവിക്കണം എന്നതിന്റെ ദിശയാണ് പ്രവാചകൻ(സ്വ) ഈ ഹദീഥിലൂടെ നമ്മെ പഠിപ്പിക്കുന്നത്.

ഇസ്‌ലാമിക മൂല്യങ്ങൾക്ക് വിധേയമായി ജീവിതം നയിക്കുന്ന ഒരു വിശ്വാസിക്ക്, ഈ ലോകം പലവിധത്തിലും തടവറയായി അനുഭവപ്പെടാം. അവന് സ്വന്തം സ്വകാര്യ ആഗ്രഹങ്ങളും മോഹങ്ങളും അക്രമമില്ലാതെ നിയന്ത്രിക്കേണ്ടിവരും. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും നീതിയും സമർപ്പണവും നിറഞ്ഞ നിലപാടാണ് അവൻ കൈവരിക്കേണ്ടത്. നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയും, മനസ്സിന്റെ വികാരങ്ങളെ മാന്യതയോടെ കണക്കിലെടുക്കുകയും ചെയ്യേണ്ടത് ഒരു ആത്മീയ ഉന്നതിയിലേക്ക് നയിക്കുന്ന കഠിനമായ യാത്രയാണ്. ഈ ത്യാഗങ്ങളെയും ആത്മനിയന്ത്രണങ്ങളെയും നോക്കുമ്പോൾ, ഇതൊരിക്കലും തടവറയല്ലെന്നും അതിന്റെ അന്തിമ പ്രതിഫലം മനസ്സിലാക്കുന്ന ഒരാൾക്ക്, ഈ വിധേയത്വം മാധുര്യവും ആത്മതൃപ്തിയും നിറഞ്ഞ അനുഭവമാകുമെന്നതിൽ സംശയമില്ല.

അതേസമയം, അവിശ്വാസികൾക്ക് ഈ ലോകം സ്വർഗം പോലെയാണ്. അവർ തങ്ങളുടെ ഇച്ഛാനുസരണമായാണ് ജീവിതം നയിക്കുന്നത്. അവരുടെ മുന്നിലുള്ള ആകർഷണങ്ങളിൽ ഒരു നിയന്ത്രണവും ഇല്ല; ദൈവഭീതിയില്ലായ്മയിൽ നിന്ന് ഉത്ഭവിക്കുന്ന ഒരുപാട് അസഹിഷ്ണുതയും ധാർമ്മിക ദാരിദ്ര്യവുമുണ്ട് അവരുടെ സ്വാതന്ത്ര്യത്തിൽ. ആസ്വാദനത്തിനിടയിൽ നീതിയും മര്യാദയും മറന്നുപോകാൻ അവർ സ്വയം നിർബന്ധിതരാകുന്നുണ്ട്. പക്ഷേ, അവരുടെ ഈ 'സ്വർഗം' ആപേക്ഷികവും താൽക്കാലികവുമാണ്. മരണത്തിന്റെ വിചിത്രതയും മരണാനന്തര ജീവിതത്തിലെ യാഥാർഥ്യവുമായ യാതനകളും അവർക്ക് ഒഴിഞ്ഞുമാറാനാകാത്ത സത്യമാകുന്നു. ആരേയും ഓർമിപ്പിക്കാതെ എത്തുന്ന ഈ മരണവും തുടർന്നുള്ള ജീവിതവുമാണ് അവരെ കാത്തുനിൽക്കുന്നതെന്നർത്ഥം.

പ്രവാചകന്റെ ഉപദേശത്തിലെ ജീവിച്ചിരിക്കുന്ന ഉദാഹരണങ്ങൾ നമുക്ക് കോളേജ് ജീവിതത്തിലൂടെ കാണാൻ കഴിയുന്നതാണ്. ഇന്ന് അനവധി വിദ്യാർഥികൾ 'സ്വാതന്ത്ര്യത്തിന്റെ' പേരിൽ സ്വയം തന്നെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ലഹരി വസ്തുക്കളുടെ ഉപയോഗം, അശ്ലീലതയിലേക്കുള്ള ആസക്തി, വ്യഭിചാരപരമായ അവിഹിതബന്ധങ്ങൾ, മതവിരുദ്ധ ചിന്താധാരകൾ, കള്ളം പറയൽ എന്നിങ്ങനെയുള്ള നിരവധി മ്ലേച്ഛശീലങ്ങൾ ഇന്നത്തെ ക്യാമ്പസുകളിൽ ദയനീയമായി കണ്ടുവരുന്ന കാര്യങ്ങളാണ്. ഇതെല്ലാം മനുഷ്യരിൽ കാണേണ്ട സന്മാർഗിക വിദ്യാഭ്യാസത്തിന്റെയും ആത്മീയതയുടെയും തകർച്ചയെയാണ് സൂചിപ്പിക്കുന്നത്. ചിലർക്കിതെല്ലാം ആധുനിക സുഖ ജീവിതം പോലെ തോന്നാമെങ്കിലും, യാഥാർത്ഥത്തിൽ ഇതെല്ലാം സ്വയം തിരഞ്ഞെടുക്കുന്ന ആത്മഹത്യയാണ് എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല.

ആവേശവും ആകർഷണങ്ങളും നിറഞ്ഞ കാലഘട്ടമാണ് കോളേജ് ജീവിതം. ഈ കാലഘട്ടം ഒരാളുടെ ജീവിതത്തിലെ ഏറ്റവും ഊർജ്ജസ്വലവും സ്വാധീനഭരിതവുമായ ഘട്ടമാണ്. ഓരോ ആഗ്രഹത്തിനും ആകർഷണത്തിനുമാണ് മനസ്സ് അന്നേരം കൊതിക്കുന്നതും വഴങ്ങുന്നതും. എന്നാൽ, ഈ സമയത്ത് ഒരുപാട് വിദ്യാർഥികളും വിദ്യാർഥിനികളും നാശത്തിലേക്ക് വഴുതിവീണ യാഥാർത്ഥ്യവും നമ്മുടെ മുന്നിലുണ്ട്. എങ്കിലും, വിശ്വാസികൾ അതിനുമുമ്പിൽ ദൈവഭക്തിയും ആത്മനിയന്ത്രണവും പ്രകടിപ്പിക്കും. വിശ്വാസം ഒരു കാഴ്ചയല്ല, ജീവിതമായിരിക്കണമതെന്ന് അവൻ അഭിമാനപൂർവ്വം പ്രഖ്യാപിക്കും. വിശ്വാസിയായ വിദ്യാർഥിക്ക് നിഷിദ്ധമാണെന്ന് അറിയാവുന്ന കാര്യങ്ങൾ മാധുര്യമായി തോന്നാമെങ്കിലും അവയെ തള്ളിപ്പറയാൻ ഒരു പ്രത്യേകതരം ആത്മസാഹസം ഉണ്ടായിരിക്കും. ലഹരി ഉപയോഗം, അസഭ്യഭാഷ, അശ്ലീലം കാണൽ, ലൈംഗിക ബന്ധങ്ങൾ എന്നിങ്ങനെ നിഷിദ്ധമായതെല്ലാം അതിന്റെ ഇഹലോകത്തും പരലോകത്തുമായി ലഭിച്ചേക്കാവുന്ന ദുരന്തം പരിഗണിച്ചുകൊണ്ട് ഉപേക്ഷിക്കാൻ തയ്യാറാകും. ഈ സമർപ്പണവും നിയന്ത്രണവും അവനെ ഒരു വലിയ ആത്മസംരക്ഷണത്തിലേക്കാണ് നയിക്കുന്നത്.

ഇത്തരമൊരു പശ്ചാത്തലത്തിൽ, വിശ്വാസിയായ വിദ്യാർഥിയുടെ സമീപനം ഉയർന്ന നിലവാരത്തിലുള്ളതായിരിക്കും. അവൻ തീർച്ചയായും തിരിച്ചറിയുന്നുണ്ട്; ദുനിയാവിലെ ഈ 'തടവറ' സ്വാതന്ത്ര്യത്തെ ഹനിക്കലല്ല, മറിച്ച് നിയന്ത്രിതമായ സ്വാതന്ത്ര്യമാണത് നൽകുന്നത്. അതിൽ ദുഃഖമല്ല, ചിന്താപരമായ സമാധാനമാണ് അവന് ആസ്വദിക്കാൻ സാധിക്കുന്നത്. സമൂഹത്തിലെ പുതിയ ബന്ധങ്ങളിൽ ശ്രദ്ധയോടെ പെരുമാറാൻ, നീതിയോടെയുള്ള പഠനം, സഹപാഠികളോടുള്ള കരുണ, സമൂഹസേവനത്തിലേക്കുള്ള പ്രതിബദ്ധത, ഇതെല്ലാം സ്വായത്തമാക്കുന്നതിലൂടെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനായി ഉയർന്ന നിലവാരം പുലർത്താൻ ഒരു വിശ്വാസിക്ക് സാധിക്കും. അവൻ കളിക്കുന്നിടത്തും പഠിക്കുന്നിടത്തും അല്ലാഹുവിന്റെ കനിവ് തേടിയാണ് അവൻ ജീവിക്കുന്നത്. മറ്റുള്ളവർ കളിയാക്കുമെന്നോ പരിഹസിക്കുമെന്നോ ഉള്ള ചിന്ത ഒട്ടും അവന്റെ പ്രവർത്തനങ്ങളെ അലട്ടുകയില്ല. ദുനിയാവിലെ ഈ തടവറക്കു മറുവശത്ത് ഒരു സ്വർഗമുണ്ട്. സുകൃതം ചെയ്ത വിശ്വാസികൾക്ക് പ്രതിഫലമായി ഒരുക്കിവെച്ച നിത്യസന്തോഷത്തിന്റെ കേദാരമായ സ്വർഗം. ഇന്നത്തെ ഒറ്റപ്പെട്ട നിലപാടുകൾ, വിമർശനങ്ങൾ, പ്രയാസങ്ങൾ; ആ സ്വർഗത്തെ കുറിച്ച് ആലോചിക്കുമ്പോൾ ഇതെല്ലാം ചെറുതായിത്തീരും. അവൻ തിരിച്ചറിയുന്നു; ഓരോ ത്യാഗത്തിനും അല്ലാഹുവിന്റെ മുന്നിൽ പ്രതിഫലമുണ്ട്, ഓരോ സംയമനത്തിനും അവിടെ ആനന്ദകരമായ നിത്യവിശ്രമം കാത്തിരിക്കുകയാണ്.

ഇതെല്ലാം അവഗണിച്ചു ജീവിക്കുന്നവർക്ക് താത്കാലികമായ 'സ്വർഗ'മാണ് ഈ ഭൂമി. നന്മതിന്മകൾ പരിഗണിക്കാതെ തന്റെ ഇച്ഛാനുസരണം ജീവിതം നയിക്കാനും, താത്കാലിക ആനന്ദത്തിനായി നീതിമര്യാദകൾ കാറ്റിൽ പറത്താനും, എല്ലാ സ്വാതന്ത്ര്യങ്ങളെയും അതിർവരമ്പുകളില്ലാതെ ആസ്വദിക്കാനും അവന് യാതൊരു മടിയുമുണ്ടാകില്ല. അതിനുള്ള ഉദാഹരണങ്ങളെല്ലാം ഓരോന്നായി കോളേജ് ക്യാംപസിൽ തന്നെ നമുക്ക് കാണാൻ സാധിക്കുന്നതാണ്. ധാർമ്മികതയില്ലാതെ തോന്നിയതുപോലെ ജീവിക്കുന്നവർ, നിഷിദ്ധം പര്യാലോചിക്കാതെ എന്തും വിളമ്പാനും കഴിക്കാനും തയ്യാറാകുന്നവർ, ആഗ്രഹിക്കുന്നതെന്താണോ അതിലേക്കെല്ലാം ഓടിയെത്തുന്നവർ, ദൃഷ്യം നോക്കാതെ എന്തും ഉച്ചരിക്കുന്നവർ, അങ്ങനെ പലതും ചെയ്യുന്നവർ. താൻ ആഗ്രഹിക്കുന്നതെല്ലാം ചെയ്യാൻ അവൻ പൂർണമായും സ്വതന്ത്രനാണെന്ന തെറ്റിദ്ധാരണയാണ് അതിന് കാരണം. പലപ്പോഴും, നീതിബോധവും ഉത്തരവാദിത്വബോധവും തീരെയില്ലാത്ത സംസ്കാരം വർദ്ധിച്ചുവരുന്നതും മറ്റൊന്നുകൊണ്ടുമല്ല. നീതിയേയും നീതിനിഷ്ഠയേയും ട്രെൻഡിനും താൽക്കാലിക ആനന്ദത്തിനുമായി ഉപേക്ഷിക്കുന്നത് സ്വാതന്ത്ര്യത്തിന്റെ പേരിലും അതിന്റെ ചുറ്റുപാടിലുമാകുമ്പോൾ, അവിടെ നഷ്ടപ്പെടുന്നത് ആത്മാവുള്ള ആത്മാർത്ഥതയാണെന്ന് അവർ മനസ്സിലാക്കുന്നില്ല.

'സ്വാതന്ത്ര്യം' എന്ന പദത്തെ മനസ്സിലാക്കുന്നതിൽ സംഭവിച്ച തെറ്റ്, നമ്മുടെ വിദ്യാർഥികളിൽ പലർക്കും തെറ്റായ ജീവിതരീതി സ്വീകരിക്കാൻ കാരണമായിട്ടുണ്ട്. സ്വാതന്ത്ര്യം എന്ന ആശയം, പലപ്പോഴും അതിരുകൾ ഇല്ലാത്ത സ്വയംഭോഗം, ഇച്ഛാനുസൃതമായ ജീവിതം എന്ന നിലയിൽ വാഴ്ത്തപ്പെട്ടു. എന്നാൽ യഥാർത്ഥ സ്വാതന്ത്ര്യം, മതപരവും ദൈവാനുസൃതവും മാന്യവും ഉത്തരവാദിത്തപരവുമായി ബന്ധപ്പെട്ട താണെന്ന ബോധം വിസ്മരിക്കപ്പെട്ടു. ക്യാമ്പസുകളിൽ കാണപ്പെടുന്ന പല അക്രമങ്ങളെയും ജീവിതത്തെ കൂടുതൽ ആസ്വാദ്യമാക്കുന്ന 'സ്വാതന്ത്ര്യങ്ങൾ' ആയി അവർ വിശ്വസിക്കുന്നു. പച്ചയായി പറയുകയാണെങ്കിൽ, അല്ലാഹുവിനുള്ള അധീനതയിൽ നിന്നുള്ള വിമുക്തി ആഗ്രഹിച്ചവരാണവർ, ദേഹേച്ഛയുടെ അടിമത്വത്തിലേക്ക് വീണവരാണവർ! അത് സ്വർഗമാണെന്ന് അവർ തെറ്റിദ്ധരിച്ചിരക്കുന്നു. വിശ്വാസിക്ക് ഈ ലോകം തടവറയാണെന്ന് മുഹമ്മദ് നബി (സ്വ) പറഞ്ഞത് ഒരു ഭീഷണിയായിട്ടല്ല, മറിച്ച് ജീവിതത്തെ ചിട്ടപ്പെടുത്തിയെടുക്കാനുള്ള ഒരു സൂചനയായിട്ടാണ്.

അല്ലാഹു പറഞ്ഞു: ''നിങ്ങൾ അറിഞ്ഞിരിക്കണം: ദുനിയാവിലെ ജീവിതമെന്നത്, കളിയും, വിനോദവും, അലങ്കാരവും, നിങ്ങൾ തമ്മിൽ ദുരഭിമാനം നടിക്കലും, സ്വത്തുക്കളിലും സന്താനങ്ങളിലും പെരുപ്പം നടിക്കലും മാത്രമാകുന്നുവെന്ന്. അതെ, കേവലം ഒരു മഴയുടെ മാതിരി, അതിലെ മുളച്ച ചെടി കർഷകരെ ആശ്ചര്യപ്പെടുത്തി; പിന്നീടത് വാടിപ്പോകുന്നു, എന്നിട്ടതിനെ മഞ്ഞനിറം പൂണ്ടതായി നീ കാണുന്നു, പിന്നെ അത് ഉണങ്ങിതുരുമ്പായിത്തീരുന്നു എന്നപോലെ. പരലോകത്തിലാകട്ടെ കഠിനമായ ശിക്ഷയും, അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനവും, പ്രീതിയും! ദുനിയാവിലെ ജീവിതം, വഞ്ചനയുടെ വിഭവമല്ലാതെ മറ്റൊന്നും അല്ല.'' (ഹദീദ് 20)

അതിനാൽ വിദ്യാർഥികളേ, ''സ്വാതന്ത്ര്യം'' എന്ന അനിയന്ത്രിതമായ വ്യാഖ്യാനത്തിൽ ആരും വീണുപോകരുത്. സ്വാതന്ത്ര്യത്തിന്റെ പേരിൽ സ്വയം ജീവിതം നഷ്ടപ്പെടുത്തരുത്. ജീവിതം ആനന്ദം മാത്രമല്ല, അത് ഒരു മിഷൻ കൂടിയാണ്. ആ മിഷൻ എങ്ങനെയെന്ന് തീരുമാനിക്കുന്നത് നമ്മളുടെ ദിശയാണ്. ഇസ്ലാമിക മൂല്യങ്ങൾ കൈവിടാതെ, ആത്മാവിന്റെ ശുദ്ധിയെയും വിജയത്തിന്റെ പാതയിലേക്കുള്ള ഉറച്ച കാൽവെപ്പായും അതിനെ മുറുകെ പിടിക്കാൻ നമുക്കെല്ലാവർക്കും സാധിക്കേണ്ടതുണ്ട്. സർവ്വശക്തൻ അതിന് അനുഗ്രഹിക്കട്ടെ, ആമീൻ!